(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ജീവനക്കാരെ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

41 [2258] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിലെ ഗവൺമെന്റ് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏതൊക്കെയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത് എന്നു വെളിപ്പെടുത്തുമോ;

(ബി) ഈ കെട്ടിടങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് ഒരു നിയമം കൊണ്ടുവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എലത്തൂർ, തലക്കളത്തൂർ, നന്മണ്ട, പനങ്ങാട്, ബാലുശ്ശേരി, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളോ, ഹയർ സെക്കണ്ടറി സ്കൂളോ ഇല്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റു സർക്കാർ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബാലുശ്ശേരി പഞ്ചായത്ത്

എ. ജി.എൽ.പി.എസ്., ബാലുശ്ശേരി
ബി. ജി.എൽ.പി.എസ്., മന്നാപൊയിൽ
സി. ജി.എൽ.പി.എസ്., എരമംഗലം

2. എലത്തൂർ പഞ്ചായത്ത്

ജി.എൽ.പി.എസ്., ഇരണിക്കൽ (ഭാഗികം)

LIBRARY ARCHIVES Kerala Legislative Assembly

3. തലക്കളത്തൂർ പഞ്ചായത്ത്

ജി.എം.എൽ.പി.എസ്. തലക്കളത്തൂർ (ഭാഗികം)

4. ഉള്ളിയേരി പഞ്ചായത്ത്

എ. ജി.എൽ.പി.എസ്., മുണ്ടോത്ത്
ബി. ജി.എൽ.പി.എസ്., ഉള്ളിയേരി
സി. ജി.എൽ.പി.എസ്., കന്നൂർ
ഡി. ജി.എൽ.പി.എസ്., കക്കഞ്ചേരി
ഇ. ജി.എൽ.പി.എസ്., പുത്തഞ്ചേരി

5. പനങ്ങാട് പഞ്ചായത്ത്

ജി.യു.പി.എസ്. കിനാലൂർ

6. അത്തോളി പഞ്ചായത്ത്

ജി.ഡബ്ല്യു.എൽ.പി.എസ്., കൊളക്കാട്

(ബി) ഇല്ല.

എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

42 [2259] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നുവെന്നും തുക എത്രയാണെന്നും ഇതിനായി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണെന്നും വ്യക്തമാക്കുമോ;

(ബി) സ്കോളർഷിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് തുക ലഭിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും അവസാനം ഏതു വർഷം വരെയാണ് സ്കോളർഷിപ്പ് സംഖ്യ നൽകിയിട്ടുള്ളത്:

(സി) 2002-2003 വർഷം എത്ര വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും, 2003-04 വർഷത്തെ അർഹരായ വിദ്യാർത്ഥികൾക്ക് എന്നാണ് ഇതിനായി അപേക്ഷ നൽകേണ്ട അവസാന തീയതി എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly